**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1379** **30-08-2022 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്ലസ്‌വൺ പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഹയർസെക്കൻഡറി വെബ്സൈറ്റ് പ്രവർത്തനരഹിതമാകുന്നത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്ലസ്‌വൺ പ്രവേ ശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഹയർസെക്കൻഡറി വെബ്സൈറ്റ് പ്രവർത്തനരഹിതമായിട്ടില്ല. അപേക്ഷ സമർപ്പണം ആരംഭിക്കുന്ന സമയത്ത് സെർവറിൽ നല്ല തിരക്ക് അനുഭവപ്പെട്ടിരുന്നു. അത് ഉടനെ തന്നെ പരിഹരിക്കുകയും ചെയ്തു. അത് കൊണ്ട് വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് യാതൊരു വിധ ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. |
| (ബി) | വെബ്സൈറ്റിലെ തകരാറുകൾ പരിഹരിച്ച് പ്ലസ്‌വൺ അഡ്മിഷൻ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | വെബ്സൈറ്റിന് തകരാറുകൾ സംഭവിച്ചിട്ടില്ല. അപേക്ഷ സമർപ്പണം ആരംഭിക്കുന്ന സമയത്ത് സെർവറിൽ നല്ല തിരക്ക് അനുഭവപ്പെട്ടിരുന്നു. അത് ഉടനെ തന്നെ പരിഹരിക്കുകയും ചെയ്തു. പ്ലസ് വൺ അപേക്ഷാ സമർപ്പണം സമയബന്ധിത മായി പൂർത്തീകരിച്ചു. തുടർന്നുള്ള അഡ്മിഷൻ നടപടികൾ സമയബന്ധിതമായി നടന്നു വരികയുമാണ്. |
| (സി) | ഹയർസെക്കൻഡറി പോർട്ടൽ കാലാനുസൃതമായി പരിഷ്കരിക്കാത്തതാണ് ഇത് തകരാറിലാകാൻ കാരണമെന്ന് സാങ്കേതിക വിദഗ്ദ്ധർ അഭിപ്രായപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയിട്ടുള്ള, മികച്ച ഇ-ഗവേണൻസ് സോഫ്റ്റ്‌വെയറിനുള്ള 3 ദേശീയ അവാർ ഡുകളും ഒരു സംസ്ഥാന അവാർഡും കരസ്ഥമാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഏകജാലക പ്രവേശന പ്രക്രിയ നടപ്പിലാക്കി വരുന്നത്. ശേഷി കൂടിയ സെർവറുകളും കാലാനുസൃതമായ പരിഷ്കാരങ്ങളും സോഫ്റ്റ് വെയറിൽ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ